**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3035** **14-02-2024 - ൽ മറുപടിയ്ക്ക്**

**ദ്രുതകർമ്മ സേനയുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വന്യജീവി ആക്രമണം തടയാൻ രൂപീകരിച്ച ദ്രുതകർമ്മ സേനയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സംസ്ഥാനത്ത് വന്യജീവി ആക്രമണം രൂക്ഷമായത് ദ്രുതകർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമമല്ലാത്തത് കൊണ്ടാണെന്ന ആക്ഷേപം ഗൗരവമായി കാണുന്നുണ്ടോ; | (ബി) | മനുഷ്യ വന്യജീവി സംഘർഷം രൂക്ഷമായ ജനവാസ മേഖലകളിൽ വന്യമൃഗങ്ങൾ ഇറങ്ങി നിരന്തരം ജനങ്ങളെയും വളർത്തു മൃഗങ്ങളെയും ഉപദ്രവിക്കുന്ന സാഹചര്യത്തിൽ സമയോചിതമായി പ്രവർത്തിച്ച് മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യ മൃഗങ്ങളെ കാട്ടിലേക്ക് തിരികെ അയക്കുന്നതിനുമായി കേരള വനം വകുപ്പിന് കീഴിലുള്ള വിവിധ ഡിവിഷനുകളിലായി രൂപീകരിച്ചിട്ടുള്ള ദ്രുത കർമ്മ സേനകളുടെ പ്രവർത്തനം കാര്യക്ഷമമാണ്. |
| (സി) | ദ്രുതകർമ്മ സേനയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | ദ്രുത കർമ്മ സേനകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി വിവിധ ഡിവിഷനുകളിലായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. ദ്രുത കർമ്മ സേനകളുടെ ശാക്തീകരണത്തിനും വന്യ ജീവി ശല്യം പരിഹരിക്കുന്നതിനുമായി NABARD Tranche XXX -ൽ ഉൾപ്പെടുത്തി വിശദമായ പദ്ധതി തയ്യാറാക്കി വരുന്നു. വയനാട് ജില്ലയിലെ ദ്രുത കർമ്മ സേനയുടെ പ്രവർത്തനം ശാക്തീകരിക്കുന്നതിനായി NABARD Tranche XXVII പദ്ധതിയിൽ ഉൾപ്പെടുത്തി മനുഷ്യ വന്യജീവി സംഘർഷം കാര്യക്ഷമമായും പ്രൊഫഷണലായും കൈകാര്യം ചെയ്യുന്നതിനായി 310 ലക്ഷം രൂപ ചെലവിൽ ആർ.ആർ.ടി. കെട്ടിടം, വെറ്ററിനറി ഓഫീസ് കെട്ടിടം, സ്റ്റാഫ് ക്വാർട്ടേഴ്സ്, വെറ്ററിനറി ലാബ്, പോസ്റ്റ് മാർട്ടം റൂം എന്നിവയുടെ നിർമാണം അന്തിമഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| | | | 2. ആവശ്യമായ ജീവനക്കാരെ നിയോഗിക്കുകയും വാഹനങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br><br>3. നാട്ടിലിറങ്ങുന്ന വന്യ ജീവികളെ പിടികൂടുന്നതിനും കാട്ടിലേക്ക് തിരികെ അയക്കുന്നതിനുമുള്ള ആധുനിക ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്തു വരുന്നുണ്ട്.<br><br>4. റെസ്ക്യൂ പ്രവർത്തനവുമായി ബന്ധപ്പെട്ട് മൊബൈൽ സ്ക്വാഡ് പ്രവർത്തിച്ചു വരുന്നുണ്ട്.<br><br>5. ദ്രുത കർമ്മ സേന & വെറ്ററിനറി ടീമിന് ആവശ്യമായ ഡാർട്ടിംഗ് സാമഗ്രികൾ, മരുന്നുകൾ, കൂടുകൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ